**10. കക്കാട് ടെയിൽ റേസിൽ 30 കിലോ വാട്ടിന്റെ മൈക്രോ ജലവൈദ്യുത പദ്ധതി നടപ്പിലാക്കുന്നു.**

കേരള സർക്കാർ ജലപ്രവാഹം ഉപയോഗപ്പെടുത്തി സംസ്ഥാനത്തെ മിനി/മൈക്രോ ജലവൈദ്യുത പദ്ധതികൾ സ്ഥാപിക്കാൻ ഭരണാനുമതി നൽകി. ഇതുമായി ബന്ധപ്പെട്ട ഇ.എം.സി കെ.എസ്.ഇ.ബി.എൽ, വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുമായി ചർച്ച നടത്തി. ജലപ്രവാഹ വേഗം ഉപയോഗപ്പെടുത്തി സ്ഥാപിക്കാൻ പറ്റുന്ന അനുയോജ്യമായ പദ്ധതി സ്ഥലങ്ങളിൽ ഒന്നാണ് കക്കാട് HEP. കക്കാട്ട് HEP യുടെ ടെയിൽ റേസിനു 6.9 മീറ്റർ വീതിയും 78.5 മീറ്റർ നീളവും ഉണ്ട്. ഇത് ഏതാനും ഹൈഡ്രോ കൈനെറ്റിക് ഇൻസ്റ്റാളേഷൻ ചെയ്യാൻ പര്യാപ്തമാണ്. വിശദമായ പഠനത്തിനു ശേഷം മാത്രമേ സാധ്യമായ ഹൈഡ്രോ കൈനെറ്റിക് ഇൻസ്റ്റാളേഷന്റെ കൃത്യമായ എണ്ണം അറിയാൻ പറ്റുകയുള്ളൂ. സൈറ്റ് സന്ദർശനവും പ്രാഥമിക പഠനവും പൂർത്തിയായി. ടെൻഡർ നടപടികൾ അവസാന ഘട്ടത്തിലാണ്.